കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുല്ലശ്ശേരി ബ്ലോക്ക്പഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.)1212/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020
ഫോൺ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി: 20/08/19

ജോയിന്റ് ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്.
സർ,

വിഷയം : മുല്ലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുല്ലശ്ശേരി ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-2, 3-8, 3-10 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക്പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക്പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ), തൃശ്ശൂർ (ഉപരിപത്രം സഹിതം)
3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.)1212/2019 തീയതി:20.08.2019

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 4.12.18 മുതൽ 22.06.19 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജഗോപാലൻ.സി ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.06.19 മുതൽ 29.09.19 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.സാബു.പി.എസ്. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി. ഹണി.കെ.എസ്. | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ഷൈനി കൃഷ്ണദാസ്.ഇ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സുമ.വി.കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ലതി വേണുഗോപാൽ | 01.04.18 മുതൽ 31.3.19 വരെ |
| സെക്രട്ടറി | അബ്ദുൾ സലാം എം | 01.04.18 മുതൽ 31.3.19 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.കെ.ടി.സുജ | 01.04.18 മുതൽ 31.3.19 വരെ |
| ശിശു വികസന പ്രോജക്ട് ഓഫീസർ | സതി.ടി | 01.4.18 മുതൽ 05.7.18 വരെ |
| | സ്റ്റെല്ല. വി. ഡി. (ഇൻ ചാർജ്ജ്) | 06.07.18 മുതൽ |

| | | |
|---|---|---|
| | | 29.7.18 വരെ |
| | ബിന്ദുമോൾ.പി.എസ്. | 30.7.18 മുതൽ 22.2.19 FN വരെ |
| | സ്റ്റെല്ല. വി .ഡി. | 22.2.19 AN മുതൽ 31.3.19 വരെ |
| എ.ഡി.എ മുല്ലശ്ശേരി | സരസ്വതി. എൻ.കെ | 1.4.18 മുതൽ 31.3.19 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ആമിന.പി ബി | 1.4.18 മുതൽ 31.7.18 FN വരെ |
| | റീന.വി.ജെ | 31.7.18 AN മുതൽ 14.8.18 FN വരെ |
| | നന്ദിനി.ടി | 14.8.18 AN മുതൽ 03.9.18 FN വരെ |
| | റീന.വി.ജെ | 03.9.18 AN മുതൽ 14.9.18 വരെ |
| | സബിത.വി.എച്ച്. | 15.9.18 മുതൽ 31.3.19 വരെ |
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | അജിത.പി.എം | 01.4.18 മുതൽ 31.3.19 വരെ |
| അസി. എഞ്ചിനീയർ | രിഷ്മ. പി. പി | 1.4.18 മുതൽ 12.03.19 FN വരെ |
| | ബാബു.കെ പോൾ | 12.03.19 AN മുതൽ 31.3.19 വരെ |
| പട്ടികജാതി വികസന ഓഫീസർ | അജിത് കുമാർ. എം.ആർ | 1.04.18 മുതൽ 31.5.18 വരെ |
| | ഒഴിവ് | 01.06.18 മുതൽ 04.6.18 വരെ |
| | ശ്രീജ.സി.വി. | 05.06.18 മുതൽ 02.07.18 |

| | | |
|---|---|---|
| | | FNവരെ |
| | അജിത് കുമാർ. എം.ആർ | 02.07.18 AN മുതൽ 02.12.18 വരെ |
| | ഒഴിവ് | 03.12.18 മുതൽ 16.12.18 വരെ |
| | ശ്രീജ.സി.വി. | 17.12.18 മുതൽ 07.01.19 FN വരെ |
| | അജിത് കുമാർ. എം.ആർ | 07.01.19 AN മുതൽ 31.03.19 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധന | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1.7 |
| 8 | ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ | 1.8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.9 |
| 10 | വാർഷിക കണക്കുകളിലെ അപാകതകൾ | 1.10 |
| | ഭാഗം 2 | |
| 11 | വാടക പിരിവ് അപാകതകൾ | 2.1 |
| 12 | ടെണ്ടർ ഫീസ് മുഴുവനും ലഭ്യമായില്ല | 2.2 |
| | ഭാഗം 3 | |
| 13 | വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാനായില്ല | 3.1 |
| 14 | സുലേഖ ചെലവ് പത്രികയിൽ ചെലവ് രേഖപ്പെടുത്തി കാണുന്നില്ല | 3.2 |
| 15 | വിനിയോഗ വിവരം / രേഖകൾ ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു | 3.3 |
| 16 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ | 3.4 |

| | | |
|---|---|---|
| 17 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നടപ്പിലാക്കിയ പദ്ധതികൾ- അപാകതകൾ | 3.5 |
| 18 | പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3.6 |
| 19 | സംയുക്തപ്രോജക്ടുകൾ ---നടപ്പാക്കിയതിലെ അപാകതകൾ | 3.7 |
| 20 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പദ്ധതികൾ --അപാകതകൾ | 3.8 |
| 21 | ടെണ്ടർ നടപടികളിലെ അപാകതകൾ | 3.9 |
| 22 | ഒരു പ്രവൃത്തി വിവിധ പ്രൊജക്ടുകളായി നടപ്പാക്കി | 3.10 |
| 23 | കരാറുകാരന്റെ നിരക്കുകൾക്ക് പകരം എസ്റ്റിമേറ്റ് നിരക്കുകൾ നൽകിയതിനാൽ അധിക തുക നൽകി | 3.11 |
| 24 | പൊളിച്ച് മാറ്റിയ ലാബ് കെട്ടിടത്തിന്റെ സർവ്വെ റിപ്പോർട്ടിനനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 3.12 |
| 25 | സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3.13 |
| 26 | ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല | 3.14 |
| 27 | നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടത്തിയിട്ടില്ല | 3.15 |
| | ഭാഗം 4 | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 33 | ഓഡിറ്റ് റിക്കവറി | 4.6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4.7 |
| 35 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4.8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 38 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 39 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |



## ഭാഗം -1

## പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 27.3.18 തിയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 13/6/2019 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധന

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24/6/19 -29/6/19 | ടി.എസ്.ആർ ഇ3/ / തീയതി |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17859394 |
| വരവ് | 39373380 |
| ആകെ | 57232774 |
| ചെലവ് | 43887973 |
| നീക്കിയിരിപ്പ് | 13344801 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 18606000 | 18606000 | 15390074 | 3215926 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 6392000 | 6392000 | 5407000 | 985000 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 74666 | 74666 | 0 | 74666 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2210000 | 2210000 | 2210000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- സമ്പൂർണ്ണ ശുചിത്വ യജ്ഞം | | 873902 | 35179 | 909081 | 10703 | 898378 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് SBI | 1150158 | 421892 | 1572050 | 1422491 | 149559 |

| | | | | | |
|---|---|---|---|---|---|
| മുല്ലശ്ശേരി | | | | | |
| KGB മുല്ലശ്ശേരി | 0 | - | 919765 | 53646 | 866119 |
| ജനറൽ പർപ്പസ് ഫണ്ട് | 4015588 | 4355431 | 8371019 | 5085701 | 3285318 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 68 | 48634679 | 48 | 24819833 | 16 | 4 | 70.59 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.06.19 തിയതിയിൽ 3.30 pm.ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസം ക്യാഷ് നീക്കിയിരിപ്പില്ല എന്ന് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിൽ കാണപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശഭരണസ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ട സഹായം നൽകുക എന്ന ദൗത്യത്തോടെ രൂപവത്ക്കരിക്കപ്പെട്ട ആസൂത്രണസമിതി 2018-19 വാർഷിക പദ്ധതിയുടെ രൂപീകരണഘട്ടത്തിൽ ഒരു തവണ യോഗം ചേർന്നതല്ലാതെ ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.
2. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവ നിയമപ്രകാരം യോഗം ചേരുന്നുണ്ടെങ്കിലും വിലയിരുത്തലുകൾ നടത്തുന്നുണ്ടെങ്കിലും മരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ കാര്യമായ പുരോഗതിയുണ്ടായില്ല.
3. വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ടുകളുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല.
4. പ്രൊജക്ടുകളുടെ ഭൗതികലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും രേഖപ്പെടുത്തിയ പൂർത്തീകരണസാക്ഷ്യപത്രം നിർവ്വഹണ ഉദ്യോഗസ്ഥർ തയ്യാറാക്കുന്നില്ല.
5. ആസ്തികളുടെ കാര്യക്ഷമമായ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനുതകുന്ന ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുകയോ ആസ്തി രജിസ്റ്റർ കാലികമാക്കുകയോ ചെയ്തിട്ടില്ല.
6. രജിസ്റ്ററുകൾ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഉദാഹരണത്തിന് ഡെപ്പോസിറ്റ് രജിസ്റ്ററും അഡ്വാൻസ് രജിസ്റ്ററും കൃത്യമായി തയ്യാറാക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.
7. നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയിൽ ക്രമീകരിക്കാത്ത തുക വാർഷികകണക്കിന്റെ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.11.18 -30.11.18 | 2017-18 | 08/05/2019 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.12.14-27.12.14 | 2009-10 മുതൽ 2013-14 വരെ | 20.04.15 |

## 1-10 വാർഷികകണക്കുകളിലെ അപാകതകൾ

1.ജനറൽ പർപസ് ഗ്രാന്റിന്റെ ട്രഷറി അക്കൗണ്ടിൽ (713061400000015,സബ്ട്രഷറി,ചാവക്കാട്) 2018-19 വർഷം 12 ഗഡുക്കളായി 4012000 രൂപ വരവുണ്ട്. എന്നാൽ വാർഷികകണക്കുപ്രകാരം വരവ് 3900890 രൂപ ആണ്.

2.അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് B-18,(64566),RP-47,(20234,1133354) ഷെഡ്യൂളുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

3.ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് B-7(169670),RP-34 (127531, 35528) ഷെഡ്യൂളുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

4.RP-10 ഷെഡ്യൂൾ പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് 11799 രൂപയും,(forfeited) EMD 50000രൂപയും (lapsed)മറ്റ് വരവായി 15433 രൂപയും കാണിച്ചിട്ടുണ്ട്.ഇവയുടെ കൃത്യത പരിശോധിക്കുന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ല.

5.Union Bank of Indiaലെ TSC അക്കൗണ്ട് (551102010000188) നീക്കിയിരിപ്പ് RP-40(b), B-17 പ്രകാരം 898378 രൂപയാണ്. എന്നാൽ B_4 പ്രകാരം 897368 രൂപയാണ്.

6.RP-31 പ്രകാരം സംയുക്ത പദ്ധതിവിഹിതം (ബ്ലോക്ക്) ഇനത്തിൽ 55198 രൂപ വരവുണ്ട്. പരിശോധിക്കുന്നതിന് രേഖകൾ ഹാജരാക്കിയില്ല.

7.ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പത്രികകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

8.SBI അക്കൗണ്ട് നം.57033336779 ന്റെ 3/19 ലെ റീകൺസിലിയേഷൻ പത്രികയിൽ cheque deposited but not collected ഇനത്തിൽ 682 രൂപ ചേർത്തിട്ടുണ്ട്. 19.4.18 ന് വാടക ഇനത്തിൽ ലഭിച്ച തുക യഥാസമയം വരവ് വച്ചിട്ടില്ല.

9.അസിസ്റ്റന്റ് എഞ്ചിനീയർ, ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 85000 രൂപ RP-47, B-18 ഷെഡ്യൂളുകളിൽ ഉൾപ്പെട്ടിട്ടില്ല.

10.2017-18 ബാലൻസ് ഷീറ്റ് B-9 പ്രകാരം other liabilities ഇനത്തിൽ 1309090 രൂപ ചേർത്തിട്ടുണ്ട്. ഈ ഇനത്തിൽ RP-36 പ്രകാരം 34935 രൂപ വരവും 1213610 രൂപ ചെലവും ഉണ്ട്. തൻവർഷബാലൻസ് ഷീറ്റിൽ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. other liabilities എന്ന ശീർഷകത്തിന്റെ ലെഡ്ജറും പരിശോധനക്ക് ലഭ്യമാക്കിയുമില്ല.

11.2017-18 ബാലൻസ് ഷീറ്റ് B-7 പ്രകാരം Rent Deposit 2406 രൂപ ഉണ്ട്. മുറികൾ വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും തൻവർഷ ബാലൻസ് ഷീറ്റിൽ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുമില്ല.

12.ബാലൻസ് ഷീറ്റ് B-11(a) പ്രകാരം 863077 രൂപ Capital Work in Progress ആയി കാണിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹിച്ച പദ്ധതികളിൽ ഫൈനൽ ബിൽ നൽകിയവയും, ഡെപ്പോസിറ്റ് ആയി ചെയ്തതും ഇതിൽ ഉൾപ്പെടുന്നു. പാർട്ട് ബിൽ നൽകിയ എല്ലാ പ്രവൃത്തികളും ഇതിൽ ഉൾപ്പെടുന്നുമില്ല.

13.2017-18, 2018-19 ബാലൻസ് ഷീറ്റ് B-3 പ്രകാരം Capital Contribution 10046896 രൂപയാണ്. വിവിധ ഗ്രാന്റുകൾ വഴി സൃഷ്ടിച്ച ആസ്തികൾ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ആയി ഉൾപ്പെടുത്തിയിട്ടില്ല. ജി.ഒ.(എം.എസ്.)152/11 ത.സ്വ.ഭ.വ. തീയതി.26.07.11-ലെ സ്ഥിരാസ്തികൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവിന് വിരുദ്ധമാണിത്.

14.വാടക കുടിശ്ശിക, ഡിമാന്റ്, വരവ് എന്നിവ പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്ക് പ്രകാരം തൻവർഷ ഡിമാന്റ് 56224 രൂപയും രജിസ്റ്റർ പ്രകാരം 55524 രൂപയുമാണ്.

2017-18 ബാലൻസ്ഷീറ്റ് പ്രകാരം കുടിശ്ശിക 37790 രൂപയും രജിസ്റ്റർ പ്രകാരം 45369 രൂപയുമാണ്. കുടിശ്ശിക വരവ് വാർഷികകണക്കിൽ 25196 രൂപയും രജിസ്റ്ററിൽ 27890 രൂപയും ആണ്.

ഇതുകൂടാതെ RP-3 പ്രകാരം 300 രൂപ വരവുണ്ട്. കൃത്യത പരിശോധിക്കുന്നതിനായി രേഖകൾ ലഭ്യമാക്കിയില്ല.

15.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

16. വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനത ഉള്ളതിനാൽ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalent"ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4514593 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ Net cash generated by operating+investing+financing activity ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10118797 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

17.കുടിശ്ശികക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തി കാണുന്നില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക പിരിവ് അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിലെ വാടക പിരിവുമായി ബന്ധപ്പെട്ടഅപാകതകൾ താഴെ ചേർക്കുന്നു.

1.വാടക കളക്ഷൻ രജിസ്റ്ററിൽ വാടക കുടിശ്ശിക അടവാക്കിയ വിവരം ചേർത്തിട്ടില്ല.ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് 2015-16 മുതൽ വാടകകുടിശ്ശിക വരുത്തിയിരുന്നു. എന്നാൽ വാടക കളക്ഷൻ രജിസ്റ്ററിൽ ഒരു വർഷത്തെ വാടകയാണ് കുടിശ്ശികയായി കാണിച്ചിട്ടുള്ളത്. ഇക്കാര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.12 തീ.29/06/2019) മറുപടിയായി 23/12/2018 ൽ 23568 രൂപ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി.എന്നാൽ ടി വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വർഷങ്ങളായി വാടക കരാർ പുതുക്കുകയോ വാടക വർദ്ധിപ്പിക്കുകയോ ചെയ്തിട്ടില്ല. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് ഒഴിഞ്ഞുപോകാൻ കത്തു നൽകിയിട്ടുണ്ടെന്നാണ് ഇതിനു മറുപടി നൽകിയത്. വാടക കുടിശ്ശിക ഈടാക്കാനും കെട്ടിടം തുടർന്നും ഇതേ സ്ഥാപനത്തിനു തന്നെ വാടകക്കു നൽകുന്നുണ്ടെങ്കിൽ വാടക കരാർ പുതുക്കി വാടക പുനർ നിർണ്ണയിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ അടവാക്കിയ കുടിശ്ശിക വാടകയുടെ വിവരം ചേർത്ത് വാടക രജിസ്റ്റർപൂർണ്ണമാക്കേണ്ടതാണ്.

2.ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ലക്ഷ്യ വനിതാ പരിശീലന കേന്ദ്രം 2/19, 3/19 മാസങ്ങളിൽ വാടക അടവാക്കിയിട്ടില്ല. ടി കെട്ടിടത്തിന്റെ കരാർ പുതുക്കേണ്ടതില്ലെന്ന് 24.5.19 ലെ ഭരണസമിതിയോഗം തീരുമാനമെടുത്തിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. വാടക കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കിയതിനു ശേഷം കരാറിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

3.പട്ടിക ജാതി വനിതാ വിപണന കേന്ദ്രത്തിലെ വാടക കുടിശ്ശിക വിവരങ്ങൾ താഴെ ചേർക്കുന്നു.

| മുറി നമ്പർ | വാടകക്കാരന്റെ പേര് | വാടക നിരക്ക് | കുടിശ്ശികയുള്ള മാസങ്ങൾ |
|---|---|---|---|
| 15/179 | ബിന്ദു.വി.എസ്. | 465 | 8/18 മുതൽ 3/19 വരെ |

| | | | |
|---|---|---|---|
| 15/182 | ജയശ്രീ പുഷ്കരൻ | 445 | 1/19 മുതൽ3/19വരെ |

വാടക കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. വാടക കരാറിൽ പിഴപലിശയുടെ വിവരം ചേർത്തിട്ടില്ല. വാടകകരാർ പുതുക്കുമ്പോൾ ഏത് നിരക്കിലാണ് പിഴപലിശ ഈടാക്കുന്നതെന്ന വിവരം കൂടി ഉൾപ്പെടുത്തേണ്ടതാണ്.

5. വാർഷിക കണക്ക് പ്രകാരം 2018-19-ൽ 2406/- രൂപ വാടക ഡെപ്പോസിറ്റ് ഇനത്തിൽ നിന്നും ലാപ്സ് ഡെപ്പോസിറ്റ് ശീർഷകത്തിലേക്ക് മാറ്റിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-2 ടെണ്ടർ ഫീസ് മുഴവനും ലഭ്യമായില്ല

ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ നടത്തുമ്പോൾ കരാറുകാർ അടക്കുന്ന ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് 2018 ആഗസ്റ്റ് മാസം വരെ നിക്ഷേപിക്കപ്പെട്ടിരുന്നത്. തുടർന്നുള്ള കാലയളവിൽ ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ പ്രത്യേക അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ ഈയിനത്തിൽ ലഭിച്ച തുക മുഴവൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ലഭിക്കേണ്ടതാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ പ്രത്യേക അക്കൗണ്ടിൽ 2018-19 വർഷത്തിൽ ലഭിച്ച 69600 രൂപ രശീതി നം.1362237/27.2.2019 പ്രകാരം തനത് ഫണ്ട് അക്കൗണ്ടിലേക്ക് അടച്ചിട്ടുണ്ട്. എന്നാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിക്കാനുള്ള തുക₹ |
|---|---|---|
| 1. | 2016-17 | 51345 |
| 2. | 2017-18 | 26048 |
| 3. | 2018-19 | 3808 |
| ആകെ | | 81201 |

മേൽ പരാമർശിച്ച ₹81201 കൂടി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഓരോ വർഷവും ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുക അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറുന്നുവെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വകയിരുത്തിയ തുക മുഴവൻ ചെലവഴിക്കാനായില്ല

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പാക്കിയത് | നടപ്പാക്കിയതിന്റെ ശതമാനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| അസി.എക്സി.എഞ്ചിനീയർ | 2 | 2 | 100 | 4265506 | 2004040 | 47 |

| | | | | | | |
|---|---|---|---|---|---|---|
| അസി.എഞ്ചിനീയർ | 24 | 16 | 67 | 11996986 | 5575634 | 46 |

അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ അസി.എക്സി.എഞ്ചിനീയർ, അസി.എഞ്ചിനീയർ എന്നിവർ യഥാക്രമം 100%, 67% പ്രൊജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. വകയിരുത്തിയ ഫണ്ടിന്റെ വിനിയോഗശതമാനം യഥാക്രമം 47%, 46% എന്നിങ്ങനെയാണ്.

മേൽ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ നേരിടുന്ന കാലതാമസം വിലയിരുത്തി ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

## 3-2 സുലേഖ ചെലവ് പത്രികയിൽ ചെലവ് രേഖപ്പെടുത്തി കാണുന്നില്ല

സെക്രട്ടറി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. എന്നിവർ നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾക്കായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് രേഖപ്പെടുത്തി കാണുന്നില്ല.

| ക്രമ നം | പദ്ധതി നം/ പദ്ധതിയുടെ പേര് | വൗച്ചർ നം / തിയിതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 52/19 ഡോക്യുമെന്റേഷൻ-ബ്ലോക്ക് പദ്ധതികൾ | 21800061/12.6.18 | 30000 | |
| | | 21800490/30.3.19 | 10000 | |
| | | 21800464/26.3.19 | 10000 | |
| 2 | 86/19 ബ്ലോക്ക് ഓഫീസ് ഫ്രണ്ട് ഓഫീസ് സജ്ജീകരണം | 80/18-19/27.3.19 | 195827 | |
| 3 | 88/19 സി എച്ച് സി കോൺഫറൻസ് ഹാൾ വയറിംഗ് | 79/18-19/26.3.19 | 99887 | |
| 4 | 31/19 മാലിന്യ നിർമാർജ്ജനം | 25/18-19/14.8.18 | 20379 | ആകെ ചെലവ് 50000 രൂപയാണ് സുലേഖ സ്റ്റേറ്റ്മെന്റിൽ 42094 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |
| | | 79/18-19/26.3.19 | 5773 | |
| | | 51/18-19 /19.12.18 | 11924 | |
| | | 64/18-19/7.2.19 | 11924 | |

## 3-3 വിനിയോഗ വിവരം / രേഖകൾ ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും വിഹിതം കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയ്ക്കുള്ള വിനിയോഗ വിവരമോ മറ്റ് ചെലവ് രേഖകളോ

ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതി നം. / പദ്ധതിയുടെ പേര് | ബിൽ നം./ തിയതി / തുക | തുക കൈമാറിയ സ്ഥാപനം | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | 50/19<br>സുശാന്തം - ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3/18-19 /25.6.18 /100000 | സുശാന്തം -Society for Care and Compassion | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. കൂടാതെ സ്ഥാപനത്തിന് തുക കൈമാറുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ആയതും ലഭ്യമാക്കിയിട്ടില്ല |
| 2 | 3/19<br>ബ്ലോക്ക് വിഹിതം ഇൻഫോർമേഷൻ കേരള മിഷൻ | 6/18-19 /18.7.18/<br>25110 | ഐ.കെ.എം. | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 3 | 76/19<br>ലൈഫ് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ- ജനറൽ | 12/18-19 /10.10.18/<br>1620000 | എളവള്ളി- 405000<br>പാവറട്ടി- 405000<br>വെങ്കിടങ്ങ്- 405000<br>മുല്ലശ്ശേരി- 405000 | ഗ്രാമപഞ്ചായത്തുകൾ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.<br>ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ പദ്ധതികളുടെ വിവരമോ വകയിരുത്തിയ തുകയുടെ വിവരമോ ഒന്നുംതന്നെ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തുകളുമായി കരാറിലേർപ്പെട്ടിട്ടില്ല. |
| 4 | 78/19<br>ലൈഫ് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ- എസ് സി | 13/18-19 /10.10.18<br>496000 | പാവറട്ടി- 196000<br>വെങ്കിടങ്ങ്- 300000 | ഗ്രാമപഞ്ചായത്തുകൾ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.<br>ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ പദ്ധതികളുടെ വിവരമോ വകയിരുത്തിയ തുകയുടെ വിവരമോ ഒന്നുംതന്നെ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തുകളുമായി കരാറിലേർപ്പെട്ടിട്ടില്ല.രശീതി ഹാജരാക്കിയിട്ടില്ല |
| | | 14/18-19 /10.10.18 /404000 | എളവള്ളി- 300000<br>പാവറട്ടി- 104000 | |
| | | 24/18-19 /31.12.18 /1063600 | വെങ്കിടങ്ങ്- 1063600 | |
| | | 25/18-19 /31.12.18 | എളവള്ളി- 1007200 | |

| | | | | |
|---|---|---|---|---|
| | | /2343600 | പാവറട്ടി-1200000<br>വെങ്കിടങ്ങ് -136400 | |
| 5 | 92/19<br>പാലിയേറ്റീവ് കെയർ ഗ്രാമപഞ്ചായത്തിന് ഫണ്ട് കൈമാറൽ | 40/18-19 /25.1.19 /200000 | വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. കരാറിലേർപ്പെട്ടിട്ടില്ല. രശീതി ഹാജരാക്കിയിട്ടില്ല |
| | ആകെ | 6252310 | | |

രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലൈഫ് പദ്ധതിയിക്ക് അധിക ധനസഹായം

പ്രോജക്റ്റ് നം - 81/19

13.10.17-ലെ സ.ഉ.(എം.എസ്.)നം.202/17 ത.സ്വ.ഭ.വ. പ്രകാരം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ അംഗീകരിച്ചിട്ടുണ്ട്. (സർക്കുലർ നം.336/ഡി.ബി.1 /18/ത.സ്വ.ഭ.വ. തിയതി.25.4.18). ആയത് പ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്തുകയും ഭവനനിർമ്മാണത്തിന് നൽകിയിട്ടുള്ള ധനസഹായത്തിന്റെ യൂണിറ്റ് നിരക്ക് 3 ലക്ഷം രൂപയായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ള തുക ഈ തുകയുടെ എത്ര ശതമാനമാണെന്ന് കണക്കാക്കേണ്ടതും 4 ലക്ഷം രൂപയിൽ നിന്ന് ഈ അനുപാതത്തിന് തുല്യമായ കുറച്ച് ബാക്കി തുകയാണ് നൽകേണ്ടത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ആനുപാതിക നിരക്കിനേക്കാൾ അധികം നൽകിയതായി കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അനുവദിക്കാവുന്നത് | അനുവദിച്ചത് | അധികം |
|---|---|---|---|---|
| 1 | സിന്ധു ബാബു<br>നമ്പുള്ളി, വെങ്കിടങ്ങ് | 386640* | 388000 | 1360 |
| 2 | ഷീന, പൂണാട്ട്, വെങ്കിടങ്ങ് | 366664** | 368000 | 1336 |

(*2003-04-ൽ അനുവദിച്ചത് – 10,000
അനുവദിച്ച തുകയുടെ % ബാക്കി = 10000/30000x100=3.33
തുക = 400000x96.66%= 386640)

(** 2008-09-ൽ അനുവദിച്ചത് – 25000
അനുവദിച്ച തുകയുടെ 1% (unit cost 3 lakh)
25000/300000x100=8.33
ബാക്കി അനുവദിക്കാവുന്നത് – 400000x91.666/100=3,66,664)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/28.6.19) പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക അധികം അനുവദിക്കുവാൻ ഇടവന്നിട്ടുണ്ടോ എന്നുള്ളത് പുന:പരിശോധിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2. ഡോക്യുമെന്റേഷൻ- ബ്ലോക്ക് പദ്ധതികൾ

പ്രോജക്ട് നം - 52/19

വൗച്ചർ നം -21800061/12.6.18 തുക 30000

- 21800490/30.3.19 തുക 10000

- 21800464/26.3.19 തുക 10000

ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളുടെ ഡോക്യുമെന്റേഷന് വേണ്ടി 30000 രൂപ 11.5.18 ന് എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) ശ്രീമതി. ഷൈലജയ്ക്ക് അനുവദിച്ചിട്ടുണ്ട്. ടി തുക ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം ക്വട്ടേഷൻ ലഭിച്ച റിമാസ് മൂവീസ് എന്ന സ്ഥാപനത്തിന് 18.5.18-ന് തന്നെ മുൻകൂറായി അനുവദിച്ചു. ഡെപ്പോസിറ്റ് പ്രവർത്തികൾക്കും സർക്കാർ ഉത്തരവുകളിലൂടെ നിർദ്ദേശിക്കുന്ന കാര്യങ്ങൾക്കും മാത്രമാണ് മുൻകൂർ അനുവദിക്കാവുന്നത് (ഉത്തരവ് നം.ജി.ഒ.(പി)177/06 ധനം 12.4.06) എന്നിരിക്കെ ഇത്തരത്തിൽ മുൻകൂർ അനുവദിച്ചത് ശരിയായ നടപടിയല്ല.

ക്വട്ടേഷനിൽ 3 സ്ഥാപനങ്ങളാണ് പങ്കെടുത്തത്. ഇതിൽ 'രാജാ റാണി ' എന്ന സ്ഥാപനം ക്വാട്ട് ചെയ്ത തുക വ്യക്തമല്ല എന്നും കുറവ് നിരക്ക് ക്വാട്ട് ചെയ്ത റിമാസ് മുവീസിന്റെ ക്വട്ടേഷൻ 8.5.18 ലെ കമ്മിറ്റി തീരുമാനം 3(6) പ്രകാരം അംഗീകരിക്കുകയും ചെയ്തു. എന്നാൽ ക്വട്ടേഷൻ പ്രകാരം സി ഡി തയ്യാറാക്കി നൽകിയിരിക്കുന്നത് മേൽ പറഞ്ഞ രാജാ റാണി എന്ന സ്ഥാപനമാണ്.

സെക്രട്ടറിയുടെ നടപടി ക്രമം ഉത്തരവ് നം ബി - 476/2019 തി. 30.3.19 ൽ ഹൗസിംഗ് ഓഫീസർക്ക് വീണ്ടും 10000 രൂപ മുൻകൂർ അനുവദിച്ചതായി കാണുന്നു. എന്നാൽ മുൻകൂർ നൽകിയതിന്റെ വിശദാംശങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. റീമാസ് മുവീസ് എന്ന സ്ഥാപനം 30000 രൂപ കൈപ്പറ്റിയതിന് രശീതിയും 20000 രൂപ കൈപ്പറ്റിയതിന് ഒരു പേയ്മെന്റ് വൗച്ചറും മാത്രമാണ് ഹാജരാക്കിയത്. സ്ഥാപനത്തിന്റെ ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ ചെലവ് തുക 50000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-5 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

I. മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിലേക്കായി കേരള മെഡിക്കൽ സർവീസസ് കേർപ്പറേഷന് പ്രൊഫോർമ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ തുക കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകളോ ഉപകരണങ്ങളോ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം / പദ്ധതിയുടെ പേര് | ബിൽ നമ്പർ/ തീയതി | തുക |
|---|---|---|---|
| 1 | 21/19<br>ബ്ലോക്ക് പരിധിയിലെ ഡയാലിസിസ് രോഗികൾക്ക് ഡയലെയ്സർ കിറ്റും അനുബന്ധ ഉപകരണങ്ങളും | 5/18-19 /31.7.18 | 500000 |

| | | | |
|---|---|---|---|
| 2 | 32/19<br>സി എച്ച് സി മുല്ലശ്ശേരിയിലേക്ക് മരുന്ന് വാങ്ങൽ | 1) 6/18-19 /14.8.18<br>2) 22/18-19 /25.3.19 | 200000<br>41767 |
| 3 | 33/19<br>ഫിസിയോ തെറാപ്പി യൂണിറ്റ് സജ്ജമാക്കലും പാലിയേറ്റീവ് ദ്വിതീയ പരിചരണവും | 16/18-19 /19.1.19 | 50000 |

മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

II.ഫിസിയോ തെറാപ്പി യൂണിറ്റ് സജ്ജമാക്കലും പാലിയേറ്റീവ് ദ്വിതീയ പരിചരണവും എന്ന പദ്ധതി (പ്രോ. നം 33/19) പ്രകാരം ഫിസിയോതെറാപ്പി യൂണിറ്റിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം 6 സ്ഥാപനങ്ങൾ പങ്കെടുത്തതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ അൽ ഷിഫ, ട്രിച്ചൂർ സർജിക്കൽ, നീഡ്സ് സർജിക്കൽസ് എന്നീ 3 സ്ഥാപനങ്ങളിൽ നിന്നായാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. എന്നാൽ അൽ ഷിഫ, നീഡ്സ് സർജിക്കൽസ് എന്നീ സ്ഥാപനങ്ങളുമായി നിർവ്വഹണോദ്യോഗസ്ഥൻ കരാറിലേർപ്പെട്ടതായി കാണുന്നില്ല. വാങ്ങലുകൾ നടത്തുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-6 പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1.പദ്ധതി നം.44/18-19,പട്ടികജാതി വിഭാഗക്കാർക്ക് വിദേശ തൊഴിൽ ധനസഹായം
അടങ്കൽ :600000 ചെലവ്:600000
ബിൽ നം.1/AA/18-19 തീ.19/7/18,തുക:250000/-
ബിൽ നം.3/AA/18-19 തീ.26/11/18,തുക:350000/-

മേൽ പദ്ധതി പ്രകാരം 12 ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം വിദേശത്ത് തൊഴിൽ തേടുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ തീ.14/2/18 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.2.4 ൽ ഗുണ്ഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ശേഷം ഗ്രാമസഭയിൽ വായിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആയത് നടപ്പിലാക്കിയിട്ടില്ല.

2.പദ്ധതി നം.55/18-19,പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്
അടങ്കൽ :200000 ചെലവ്:200000
ബിൽ നം.2/MS/18-19 തീ.27/11/18, തുക:200000/-

മേൽ പദ്ധതി പ്രകാരം 12 ഗുണഭോക്താക്കൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ തീ.14/2/18 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.2.5 ൽ ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭകൾ അംഗീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല.
പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ അനുസരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-7 സംയുക്തപ്രോജക്ടുകൾ ---നടപ്പാക്കിയതിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പാക്കിയ സംയുക്തപദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.സർക്കാർ ഉത്തരവ് 11/2018/ത.സ്വ.ഭ.വ. 29.1.18 ഖ.3.5.4 പ്രകാരം കരട് പദ്ധതി തയ്യാറാക്കുന്നതിന് മുമ്പായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംയുക്തയോഗം ചേരേണ്ടതാണ്. നിർവഹണം ആരംഭിക്കുന്നതിന് മുമ്പായി

പദ്ധതിയിൽ പങ്കാളികളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ തൻവർഷം നടപ്പാക്കിയ പദ്ധതികളിൽ കരാർ ഉണ്ടാക്കിയിട്ടില്ല.

പദ്ധതികളുടെ വിവരം

| പദ്ധതി | നിർവഹണ ഉദ്യോഗസ്ഥൻ | ബിൽ നം., തുക | കൈമാറിയ ഏജൻസി |
|---|---|---|---|
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് S023/19 | സി.ഡി.പി.ഒ | 01/18-19/ 28.7.18--800000 | മുല്ലശ്ശേരി, എളവള്ളി, പാവറട്ടി, വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തുകൾക്ക് 200000 രൂപ വീതം |
| | സി.ഡി.പി.ഒ. | 05/18-19/ 23.3.19-- | വെങ്കിടങ്ങ്, എളവള്ളി ഗ്രാമപഞ്ചായത്തുകൾക്ക് 100000 രൂപ വീതം |
| S045/19 —പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | KVPMLYAG (2)/2018-19 /22.3.19--75000 | പാവറട്ടി ഗ്രാമപഞ്ചായത്ത് |
| S042/19 —നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | KVPMLYAG (1)/2018-19 /20.8.18--1500000 | എളവള്ളി --300000 മുല്ലശ്ശേരി--550000 വെങ്കിടങ്ങ്--650000 |
| S040/19 —ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01/18-19 /21.11.18--250000 | എളവള്ളി --120000 മുല്ലശ്ശേരി--70000 വെങ്കിടങ്ങ്--30000 പാവറട്ടി--30000 |

2.സാംഖ്യ രസീത് ഇല്ല

S040/19, S045/19, S042/19 എന്നീ പദ്ധതികളിൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള സാംഖ്യ രസീത് ഹാജരാക്കിയിട്ടില്ല. S023/19 ൽ മുല്ലശ്ശേരി, പാവറട്ടി, എളവള്ളി പഞ്ചായത്തുകളിൽ നിന്നുള്ള സാംഖ്യ രസീത് ഹാജരാക്കിയിട്ടില്ല.

3.വിനിയോഗവിവരം ഇല്ല

S045/19—പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് സബ്സിഡി, S042/19—നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി പദ്ധതികളുടെ വിനിയോഗവിവരം ഗ്രാമപഞ്ചായത്തുകൾ ഹാജരാക്കിയില്ല.

ഫണ്ട് കൈമാറ്റത്തിൽ ജി.ഒ. പി നം.100/2018/Fin തീയതി 3.7.2018 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

സർക്കാർ നിർദ്ദേശ പ്രകാരമുള്ള എല്ലാ നടപടികളും പാലിക്കുന്നുവെന്നും ഫണ്ട് യഥാസമയം വിനിയോഗിക്കുന്നുവെന്നും നിർവഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

## 3-8 കൃഷിഅസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പദ്ധതികൾ --അപാകതകൾ

1.മോട്ടോർ നാളിതുവരെ സ്ഥാപിച്ചിട്ടില്ല

ബിൽ നം.--KVPMLYAG(4)/2018-19/26.3.19--541030

കൃഷിഅസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ S048/19 – നെൽകൃഷിക്ക് ജലസേചനത്തിനുള്ള മോട്ടോർ --പാടശേഖരസമിതികൾക്ക് എന്ന പദ്ധതിക്കായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് 541030 രൂപ ചെലവഴിച്ച് 7.5 Vertical Axial Flow pump, അനുബന്ധ ഉപകരണങ്ങൾ വാങ്ങി. മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ പേനകം പാടശേഖരത്തിനായാണ് വാങ്ങിയത്. Kaico ട്രാൻസ്പോർട്ടേഷനും ഇൻസ്റ്റലേഷനുമായി 15000 രൂപ കൈപ്പറ്റി. തുക 26.3.19ന് തന്നെ കൈമാറിയെങ്കിലും നാളിതുവരെ മോട്ടോർ സ്ഥാപിച്ചിട്ടില്ല. ഇപ്രകാരം മോട്ടോർ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ വൈകുന്നത് വാറന്റി നഷ്ടപ്പെടുന്നതിനും കേടുപാടുകൾ ഉണ്ടാകുന്നതിനും കാരണമാകും.

മോട്ടോർ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മോട്ടോർ സ്ഥാപിക്കുന്നത് വരെ 541030 രൂപ തടസ്സപ്പെടുത്തുന്നു.

2.പാടശേഖരങ്ങൾക്ക് മോട്ടോർ വാങ്ങൽ ---വിതരണം പൂർത്തിയാക്കിയിട്ടില്ല

ബിൽ നം.--KVPMLYAG(3)/2018-19/26.3.19--246103

KVPMLYAG(5)/2018-19/27.3.19--246103

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ S084/19 – പാടശേഖരസമിതികൾക്ക് മോട്ടോർ വാങ്ങൽ എന്ന പദ്ധതി പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് 492206 രൂപ ചെലവഴിച്ച് 22 Kirloskar മോട്ടോറുകളും അനുബന്ധ സാമഗ്രികളും വാങ്ങി. വിതരണ രജിസ്റ്റർ പ്രകാരം 21 പാടശേഖരസമിതികൾ മാത്രമേ ഇവ കൈപ്പറ്റിയിട്ടുള്ളൂ. രജിസ്റ്റർ നിർവഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വിതരണം പൂർത്തിയാക്കി രേഖകൾ ഹാജരാക്കുന്നത് വരെ 492206 രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 ടെണ്ടർ നടപടികളിലെ അപാകതകൾ

1.2018-19 ലെ സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് 22/2018 തസ്വഭവ തീയതി 14.2.18 ഖണ്ഡിക 2-7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങലുകൾക്ക് സ.ഉ.(പി)നം.259/10/തസ്വഭവ തീയതി 08-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയാണ് ബാധകം. മേൽ മാർഗ്ഗരേഖ പ്രകാരം മതിപ്പുവില 1,00,000/- രൂപയിൽ കൂടുതലുള്ള എല്ലാ വാങ്ങലുകൾക്കും ഓപ്പൺ ടെണ്ടർ രീതി അവലംബിക്കേണ്ടതാണ്. വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം നൽകേണ്ടതാണ്. പരസ്യ തീയതി മുതൽ 21 ദിവസം ടെണ്ടർ ഫോറം വില്പന നടത്തേണ്ടതാണ്.

2018-19 വർഷം നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളിൽ മേൽ നിബന്ധന പാലിച്ചിട്ടില്ല.

| പദ്ധതി | നിർവഹണ ഉദ്യോഗസ്ഥൻ | ബിൽ നം, തുക | പരസ്യ തിയതി | ടെണ്ടർ അവസാന തിയതി |
|---|---|---|---|---|
| S048/19 – നെൽകൃഷിക്ക് ജലസേചനത്തിനുള്ള മോട്ടോർ --പാടശേഖരസമിതികൾക്ക് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | KVPMLYAG(4)/2018-19 /26.3.19--541030 | 31.1.19 | 15.2.19 |
| S084/19 – പാടശേഖര സമിതികൾക്ക് മോട്ടോർ വാങ്ങൽ | | KVPMLYAG(3)/2018-19 /26.3.19–246103<br>KVPMLYAG(5)/2018-19 /27.3.19--246103 | 31.1.19 | 15.2.19 |
| S035/19 —അംഗൻവാടികൾക്ക് പാവക്കുട്ടുകൾ | സി.ഡി.പി.ഒ. | 4/23.3.19--110000 | 4.8.18 | 14.8.18 |

| | | | | |
|---|---|---|---|---|
| S036/18--അംഗൻവാടികൾക്ക് LED TV | | 02/20.10.18--480000 | 4.8.18 | 14.8.18 |
| S049/18--അംഗൻവാടികൾക്ക് വാട്ടർ പൂരിഫയർ | | 03/20.10.18-- 230780 | 4.8.18 | 14.8.18 |

2.ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

5 ലക്ഷം രൂപ അടങ്കലുള്ള രണ്ട് പദ്ധതികൾക്കും ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.(ജി ഒ(എം എസ്)13/2015/ITD 12.05.2015)

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ S048/19 – നെൽകൃഷിക്ക് ജലസേചനത്തിനുള്ള മോട്ടോർ --പാടശേഖര സമിതികൾക്ക്, S084/19 – പാടശേഖരസമിതികൾക്ക് മോട്ടോർ വാങ്ങൽ പദ്ധതികളിൽ ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 ഒരു പ്രവൃത്തി വിവിധ പ്രൊജക്ടുകളായി നടപ്പാക്കി

ജി.ഒ.(എം.എസ്.)നം.72/2017/തസ്വഭവ; തിയതി:29.3.2017-ലെ ഖണ്ഡിക 6.6(4), സ.ഉ.(കൈ)നം.11/2018/ തസ്വഭവ; തിയതി:29.1.2018ലെ ഖണ്ഡിക 3.5.1.(9) എന്നിവയനുസരിച്ച് കെട്ടിട നിർമ്മാണ പ്രൊജക്ടുകളുടെ കാര്യത്തിൽ കെട്ടിട നിർമ്മാണം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രൊജക്ട് ആയി വേണം നടപ്പാക്കാൻ. ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ തീർക്കാൻ കഴിയാത്ത പ്രൊജക്ടുകളെ ബഹുവർഷ പ്രൊജക്ടായി നടപ്പാക്കാവുന്നതാണെന്നും മേൽ പറഞ്ഞ മാർഗ്ഗരേഖകളിൽ പറയുന്നു. തദ്ദേശഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ20-12509/2016/സി.ഇ./തസ്വഭവ എന്ന നമ്പറിലുള്ള സർക്കുലറിൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിലൂടെ ലക്ഷ്യമിട്ടിട്ടുള്ള നേട്ടങ്ങൾ പൂർണ്ണമായും ഗുണഭോക്താക്കളിലേക്ക് എത്തിച്ചേരുന്ന വിധം അടങ്കൽ തയ്യാറാക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ മേൽ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന്റെ നിർമ്മാണപ്രവൃത്തിക്ക് വിവിധ പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന്റെ നിലവിലുള്ള ചോർന്നൊലിച്ച കെട്ടിടം തറ പൊളിച്ച് മാറ്റുന്നതിനും പൊളിച്ച് മാറ്റിയ സ്ഥലത്ത് രണ്ട് നിലകളോട് കൂടിയ കെട്ടിടം നിർമ്മിക്കുന്നതിനും ആദ്യഘട്ടമെന്ന നിലയിൽ ഗ്രൗണ്ട് ഫ്ലോർ മാത്രമായി 11 ബെഡുകളോടു കൂടിയ ഒരു ഫീമെയിൽ വാർഡ്, വരാന്ത, ടോയ്‌ലെറ്റ് ബ്ലോക്ക്,നഴ്സ് റൂം എന്നിവ ഉൾപ്പെടുത്തി 166 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ബിൽഡിംഗ് പ്ലാനാണ് തയ്യാറാക്കിയിരിക്കുന്നതെന്നും ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഫീമെയിൽ വാർഡും വരാന്തയും ടോയ്‌ലെറ്റ് ബ്ലോക്കും നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റാണ് 2017-18ൽ തയ്യാറാക്കിയിരിക്കുന്നതെന്നും ഫീമെയിൽ വാർഡിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ പൂർത്തീകരണത്തിന് വേണ്ടിയാണ് 2018-19-ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതെന്നും അതാത് പ്രൊജക്ടുകളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ 2017-18 ൽ ഫീമെയിൽ വാർഡും വരാന്തയും ഒരു പ്രൊജക്ടായും(പ്രൊജക്ട് നം.34/18) ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മാണം മറ്റൊരു പ്രൊജക്ടായും (പ്രൊജക്ട് നം.36/18) 2018-19ൽ നഴ്സസ് റൂം മൂന്നാമതൊരു പ്രൊജക്ടുമായിട്ടാണ് (പ്രൊജക്ട് നം.30/19) നടപ്പാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ നം/പേര് | 30/19; വനിത വാർഡ് | 34/18, 59/19; സി.എച്ച്.സി. വനിത വാർഡ് നിർമ്മാണം (സ്പിൽ ഓവർ) | 36/18,67/19; സി.എച്ച്.സി. മെയിന്റനൻസ് (സ്പിൽ ഓവർ) |
|---|---|---|---|
| അടങ്കൽ | 2511000 | 2611100 | 1499500 |
| ഫണ്ട് | വികസനഫണ്ട് (പൊതുവിഭാഗം) | വികസനഫണ്ട് (പൊതുവിഭാഗം) | റോഡിതര സംരക്ഷണ ഗ്രാന്റ് |

| കരാറുകാരൻ | പി.സുനിൽകുമാർ | പി.സുനിൽകുമാർ | ബിജു.കെ.സി. |
|---|---|---|---|
| ചെലവഴിച്ച തുക | ട.ബി.നം.4/27.3.19; 593639 ( ഒന്നാം പാർട്ട് ബിൽ) | 1410401<br>1)ട.ബി.നം.3/27.3.19; 93270(വൈദ്യുതീകരണം)<br>2)ട.ബി.നം.1/19.7.18; 753505<br>3)ട.ബി.നം.2/12.12.18; 563626 | 1159003<br>1)ട.ബി.നം.14/16.1.19; 804155<br>2)ട.ബി.നം.6/18.7.18; 354848 |
| അളവ് പുസ്തകം | 33/18-19 | 31/1-19 | 23/18-19 |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 10/28.6.19 ന് നൽകിയ മറുപടിയിൽ അടുത്ത വർഷം ഫണ്ട് വകയിരുത്താൻ സാധിക്കുമോ എന്ന ഉറപ്പില്ലാത്തതുകൊണ്ടാണ് ഏകവർഷ പ്രൊജക്ടായി വനിതാ വാർഡ് മാത്രം നിർവ്വഹിക്കാൻ ഇടയായതെന്ന് അറിയിച്ചിട്ടുണ്ട്. പിന്നീടുള്ള വർഷങ്ങളിലും ഏകവർഷ പ്രൊജക്ടുകളായാണ് ഭരണാനുമതി ലഭിച്ചതെന്നും മറുപടിയിൽ പറയുന്നു.

അനുബന്ധ സൗകര്യങ്ങളില്ലാതെ പ്രവൃത്തി നിർവ്വഹിക്കുന്നത് പ്രൊജക്ടിന്റെ നേട്ടങ്ങൾ ഗുണഭോക്താക്കളിലേക്ക് എത്താതിരിക്കുന്നതിനോ കാലതാമസം വരുത്തുന്നതിനോ ഇടയാക്കുന്നതാണ്. പ്രൊജക്ട് രൂപീകരണത്തിലെ മേൽ അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-11 കരാറുകാരന്റെ നിരക്കുകൾക്ക് പകരം എസ്റ്റിമേറ്റ് നിരക്കുകൾ നൽകിയതിനാൽ അധികതുക നൽകി

| | |
|---|---|
| പ്രൊജക്ടിന്റെ നം/പേര് | 30/19; വനിത വാർഡ് |
| അടങ്കൽ | 2511000 |
| ഫണ്ട് | വികസനഫണ്ട് (പൊതുവിഭാഗം) |
| കരാറുകാരൻ | പി.സുനിൽകുമാർ |
| ചെലവഴിച്ച തുക | ട.ബി.നം.4/27.3.19;593639 (ഒന്നാം പാർട്ട് ബിൽ) |
| അളവ് പുസ്തകം | 33/18-19 |

മേൽ പ്രവൃത്തി item rate contract രീതിയിൽ ഇ-ടെണ്ടർ മുഖേന ശ്രീ.പി.സുനിൽകുമാർ എന്ന കരാറുകാരനാണ് ഏറ്റെടുത്തിരിക്കുന്നത്. കരാറുകാരന് ഒന്നാം പാർട്ട് ബിൽ തുക നൽകുന്ന സമയത്ത് കരാറുകാരന്റെ എഗ്രിമെന്റ് നിരക്കിന് പകരം എസ്റ്റിമേറ്റിലെ നിരക്കുകളാണ് നല്കിയത്. തന്മൂലം നൽകിയ അധിക തുക നാമമാത്രമാണെങ്കിലും ഇത്തരം അപാകത അന്തിമ ബിൽ തയ്യാറാക്കുമ്പോൾ സംഭവിക്കാതെ ശ്രദ്ധിക്കേണ്ടതും അധികം നൽകിയ തുക ക്രമീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 10/28.6.19)

## 3-12 പൊളിച്ച് മാറ്റിയ ലാബ് കെട്ടിടത്തിന്റെ സർവ്വേറിപ്പോർട്ടിനനുസരിച്ച തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹിക്കുന്ന പ്രൊജക്ട് നം.39, വനിതാ വാർഡ് എന്ന പ്രവൃത്തിയുടെ ഭാഗമായി കോളം ഫൂട്ടിങ്ങിന് കുഴിയെടുക്കുമ്പോൾ സമീപത്തുള്ള പഴയലാബ് കെട്ടിടത്തിന്റെ ഒരു ഭാഗം പൊളിച്ച് മാറ്റി സർവ്വെ റിപ്പോർട്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി ഭരണസമിതി 4(11)/5.2.2019 പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. ഭരണസമിതിയുടെ 3(1)/18.3.2019 തീരുമാനത്തിൽ പഴയകെട്ടിടം പൊളിച്ചുമാറ്റിയ സർവ്വെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഫയലിൽ സർവ്വെ റിപ്പോർട്ടോ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങളോ ഇല്ലാത്തതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/29.6.2019-ന് നൽകിയ മറുപടിയിൽ സർവ്വെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കുന്നതോടൊപ്പം തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സർവ്വെ റിപ്പോർട്ടനുസരിച്ച് സ്വീകരിച്ച തുടർനടപടികൾ പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കുന്ന മുറക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-13 സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

തദ്ദേശഭരണ വകുപ്പിന്റെ 29.1.2018-ലെ സ.ഉ.(കൈ)നം.11/2018-ലെ ഖണ്ഡിക 7.13(3), 7.13(4) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡ് മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പ്രൊജക്ട് ഏറ്റെടുക്കാവുന്നതാണ്.

1. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിയിരിക്കണം.

2. പ്രധാൻമന്ത്രി ആവാസ് യോജന/ഐ.എ.വൈ. എന്നിവക്ക് വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കണം.

എന്നാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രമോ, പ്രധാൻമന്ത്രി ആവാസ് യോജന/ഐ.എ.വൈ. എന്നിവക്ക് വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ടെന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രമോ, 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡ് ആയിരിക്കണമെന്നതിന് ഗ്രാമപഞ്ചായത്തിന്റെ ബന്ധപ്പെട്ട ആസ്തി രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഇല്ലാതെയാണ് അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിലുള്ള താഴെ പറയുന്ന റോഡുകളിൽ പ്രൊജക്ടുകൾ ഏറ്റെടുത്തിരിക്കുന്നത്.

| ക്രമ നം | പ്രൊജക്ട് നം/ പേര് | ചെലവഴിച്ച തുക | ഗ്രാമപഞ്ചായത്തിന്റെ പേര് |
|---|---|---|---|
| 1. | 10/19, പാവറട്ടി വിളക്കുംപാടം റോഡ് സൈഡ് പ്രൊട്ടക്ഷൻ | ട്.ബി.നം 13/16.1.19; ₹270245 (ഒന്നാം പാർട്ട്ബിൽ); ട്.ബി.നം 17/18.3.19; ₹109050 (രണ്ടാം പാർട്ട്ബിൽ) | പാവറട്ടി |

| | | | |
|---|---|---|---|
| 2. | 46/19, ജവഹർ റോഡ് റീടാറിംഗ് | ട.ബി.നം 20/27.3.19; ₹453929 | പാവറട്ടി |

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല

സംരക്ഷണ ഗ്രാന്റും, വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി ഓരോ തദ്ദേശഭരണസ്ഥാപനവും തയ്യാറാക്കണമെന്ന് 13-ാം പദ്ധതിയുടെ മാർഗ്ഗരേഖയായ 29.1.2018 ലെ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ. യിലെ ഖണ്ഡിക 6.7ൽ നിഷ്കർഷിച്ചിട്ടുണ്ട്. സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും അതിനായി ആദ്യം ചെയ്യേണ്ടത് ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കുക എന്നതാണെന്നും ഉത്തരവിൽ പറയുന്നു. ആസ്തി സംരക്ഷണപദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന് മുമ്പ് ഘടക സ്ഥാപനങ്ങളിലെ മേധാവികളുടെ യോഗം വിളിച്ച് ചേർക്കേണ്ടതും പ്രസ്തുതയോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും ഉത്തരവിൽ പറയുന്നുണ്ട്. മാത്രമല്ല റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ ഉപയോഗത്തിൽ ആശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും മുൻഗണന നൽകണമെന്നും ആശുപത്രികളിൽ ഉപകരണങ്ങൾ വാങ്ങുക,അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുക, ടോയ്‌ലെറ്റുകൾ നിർമ്മിക്കുക, മോർച്ചറി സൗകര്യം മെച്ചപ്പെടുത്തുക, ഫർണീച്ചറും കമ്പ്യൂട്ടറുകളും വാങ്ങുക മുതലായ പ്രവൃത്തികൾ റോഡിതര മെയിന്റനൻസ് ഫണ്ട് വകയിരുത്തി നടപ്പാക്കാമെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് തൻവർഷം റോഡിതരസംരക്ഷണഫണ്ട് മുഴുവനും ചെലവഴിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ ആസ്തികളിൽ പ്രധാനപ്പെട്ട ആസ്തിയായ സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കിക്കൊണ്ടാണ് തൻവർഷം മരാമത്ത് പ്രൊജക്ടുകൾ നടപ്പാക്കിയിരിക്കുന്നത്. സ്പിൽഓവറടക്കം 5 പ്രൊജക്ടുകളിലായി (ആകെ അംഗീകാരം ലഭിച്ച മരാമത്ത് പ്രൊജക്ടുകളുടെ എണ്ണം - 26) വികസനഫണ്ട്, റോഡിതരസംരക്ഷണഫണ്ട് എന്നിവയിൽ നിന്നായി 38.77 ലക്ഷം രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആസ്തി സംരക്ഷണപദ്ധതിയൊന്നും തയ്യാറാക്കിയിട്ടില്ല. മാത്രമല്ല ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടുമില്ല.

മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ചും സേവനനിലവാരം ഉയർത്തിയും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കത്തക്കവിധം ആസ്തി സംരക്ഷണപദ്ധതി വിഭാവനം ചെയ്യേണ്ടതും അതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-15 നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടത്തിയിട്ടില്ല

13-ാം പദ്ധതിയുടെ മാർഗ്ഗരേഖയായ 29.1.2018 ലെ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ. യിലെ ഖണ്ഡിക 13.1 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മരാമത്ത് പ്രൊജക്ടുകളിൽ ഈ രീതിയിലുള്ള മോണിട്ടറിംഗ് നടത്തിയിട്ടില്ല. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച രീതിയിൽ മോണിട്ടറിംഗ് നടത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>ഭാഗം -4</u>

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ട് നം/ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക₹ | ചെലവഴിച്ച തുക₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക₹ |
|---|---|---|---|---|
| ഭൂജല വകുപ്പ് | 66/19, എം.എൻ. ലക്ഷം വീട് കുടിവെള്ള പദ്ധതി | 85000 (ട്രഷറി ബിൽ നം.21/23.3.19) | ----- | 85000 |
| ആകെ | | | | 85000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

വിവരം ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39373380 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43887973 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7335546 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 6252310 | അബ്ദുൾ സലാം എം, സെക്രട്ടറി |
| 3-4 | 50000 | അബ്ദുൾ സലാം എം, സെക്രട്ടറി |
| 3-8(1) | 541030 | സരസ്വതി. എൻ.കെ, കൃഷി അസിസ്റ്റന്റ്ഡയറക്ടർ |
| 3-8(2) | 492206 | |
| ആകെ | 7335546 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 95-96,96-97, 97-98 | എൽ.എഫ്.ടി.ബി.പി-1751/10/29.10.10/8.12.10 | |
| 98-99 | എൽ.എഫ്.ടി.ബി.പി1751/10/29.10.10/8.12.10 | |
| 99-2000 | എൽ.എഫ്.ടി.ബി.പി1751/10/29.10.10/8.12.10 | |
| 2000-01 | എൽ.എഫ്.ടി.ബി.പി1751/10/29.10.10/8.12.10 | |
| 2001-02 | എൽ.എഫ്.ടി.21-2145/07 തിയ്യതി 27.05.08/ 18.10.08(വരവ്) | |
| 98-99 | എൽ.എഫ്.ടി.21-1096/09 തിയ്യതി 15.07.10 (വരവ്) | |

| | | |
|---|---|---|
| 99-2000 | എൽ.എഫ്.ടി.21-1097/09 തിയ്യതി 15.07.10 (വരവ്) | |
| 2000-01 | എൽ.എഫ്.ടി.21-1098/09 തിയ്യതി 15.07.10 (വരവ്) | |
| 2001-02 | എൽ.എഫ്.ടി.ബി.പി-33/12/ 01.03.12 | |
| 2002-03 | " | |
| 2003-04 | " | |
| 2004-05 | " | |
| 2005-06 | " | |
| 2006-07 | എൽ.എഫ്.ടി.ബി.പി2131/11 തിയ്യതി 09.05.12 | |
| 2007-08 | എൽ.എഫ്.ടി.ബി.പി2132/11 തിയ്യതി 09.05.12 | |
| 2008-09 | എൽ.എഫ്.ടി.ബി.പി2133/11 തിയ്യതി 09.05.12 | |
| 2009-10 | എൽ.എഫ്.ടി.ബി.പി2134/11 തിയ്യതി 09.05.12 | |
| 2010-11 | എൽ.എഫ്.ടി.ബി.പി2278/12 തിയ്യതി 12.02.13/13.06.13 | |
| 2011-12 | എൽ.എഫ്.ടി.ബി.പി1996/13 തിയ്യതി 03.02.14 | |
| 2012-13 | എൽ.എഫ്.ടി.ബി.പി1264/14 തിയ്യതി 12.11.14/10.02.15 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (ബി പി)1235/15 തിയ്യതി 15.10.15/8.12.15 | |
| 2014-15&2015-16 | കെ.എസ്.എ.ടി.എസ്.ആർ (ബി.പി1)644/17/30.5.17 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (ബി.പി1)1410/17/30.8.17 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ (ബി.പി1)1957/04.02.19 | |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ